അവശ്യസാധനങ്ങളുടെ വിലകുറയ്ക്കാൻ നടപടി

100 (811)ശ്രീ വി.ജെ. പൗലോസ് :
ശ്രീമതി രാധാമാഴവൻ :
ശ്രീ കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 സെപ്റ്റംബർ - ഒക്ടോബർ മാസത്തിൽ കേന്ദ്രഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില വർദ്ധിക്കുകയുണ്ടായോ;

(ബി) എങ്കിൽ വില കുറയ്ക്കുവാൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) അവശ്യസാധനങ്ങൾക്ക് കാര്യമായ വില വർദ്ധനയുണ്ടായിട്ടില്ല. എങ്കിലും ഡിസൽ വില വർദ്ധനവ് പിൻവലിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അവശ്യപ്പെട്ടിട്ടുണ്ട്.

പൊതുവിതരണ രംഗത്തെ പ്രവർത്തനം

101 (812)ശ്രീ എൻ. അനിരുദ്ധൻ :
ശ്രീ കെ. പ്രകാശ് ബാബു :
ശ്രീമതി ആർ ലതാദേവി :
ശ്രീ കെ.പി രാജേന്ദ്രൻ :
ശ്രീ ജോസ് ബേബി :
ശ്രീ പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുവിതരണരംഗത്ത് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് 62,19,949 റേഷൻ കാർഡുകൾ നിലവിലുണ്ട്. അതിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി 24,86,853 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്ക് മുകളിലായി 37,33,066 കുടുംബങ്ങളും റേഷനിംഗ് സംപ്രദായത്തിന്റെ ഗുണം അനുഭവിക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി 1.6.97 മുതൽ കേന്ദ്രം കണക്കാക്കിയ 25.43% കുടുംബങ്ങളെക്കൂടാതെ സംസ്ഥാനം 17% കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തി ആകെ 42.43%പേർക്ക് 4 രൂപ നിരക്കിൽ പ്രതിമാസം 10 കിലോഗ്രാം (ആഴ്ചയിൽ 2.50 കിലോഗ്രാം) അരിയും എല്ലാ കാർഡുടമകൾക്കും കിലോ ഗ്രാമിന് ഒരു രൂപാ കുറച്ച് 8.60 രൂപാ നിരക്കിൽ ആഴ്ചയിൽ 4 കിലോ ഗ്രാം അരിയും നൽകി വരുന്നു. (ഇതിലേയ്ക്കായി സംസ്ഥാനസർക്കാർ വർഷത്തിൽ 111 കോടിയോളം രൂപ സബ്സിഡിയിനത്തിൽ ചെലവഴിക്കുന്നു.) ബാക്കിയുള്ള അർഹതപ്പെട്ട വിഹിതം ആഴ്ചയിൽ മുതിർന്നവർക്ക് 2 കിലോഗ്രാമും കുട്ടികൾക്ക് ഒരു കിലോഗ്രാമും ഓരോ ആഴ്ചയിൽ കിലോഗ്രാമിന് 9.60 രൂപാ നിരക്കിൽ കാർഡുടമകൾക്കും കിലോഗ്രാമിന് 7.35 രൂപാ നിരക്കിൽ ഗോതമ്പ് ലഭിക്കുന്നതനുസരിച്ച് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കാർഡിന്റെ ഓരോ അംഗത്തിനും പ്രതിമാസം 400 ഗ്രാം പഞ്ചസാര കിലോഗ്രാമിന് 12.10 രൂപാ നിരക്കിൽ വിതരണം ചെയ്യുന്നു. വീട് വൈദ്യുതികരിച്ച കാർഡുടമകൾക്ക് 2 ലിറ്ററും വൈദ്യുതീകരിക്കാത്തവർക്ക് 5 ലിറ്ററും മണ്ണെണ്ണ പ്രതിമാസം ലിറ്ററിന് 2.80 രൂപാ മുതൽ 3.00രൂപ വരെ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ പാചകാവശ്യത്തിന് മണ്ണെണ്ണയും നിശ്ചിതഅളവിൽ നൽകിവരുന്നു. സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻ കടകൾ വഴി 100 ഗ്രാം മുതൽ 1 കിലോഗ്രാം വരെ പയറുവർഗ്ഗങ്ങളും പലവ്യഞ്ജനങ്ങളും വിതരണം നടത്തുന്നു. കാർഡ് ഒന്നിന് 2 കിലോഗ്രാം വരെ ആട്ടമാവ് ഓരോ കിലോ പാക്കറ്റുകളിലാക്കി കിലോ ഗ്രാമിന് 11.25 രൂപാ നിരക്കിൽ നൽകിവരുന്നു. സംസ്ഥാനത്ത് 350 റേഷൻ മൊത്ത വ്യാപാരികളും 14263 റേഷൻ ചില്ലറ വ്യാപാരികളും നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടുപ്രാവശ്യം റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ ക്ഷേമത്തിനായി ക്ഷേമനിധി രൂപീകരിച്ച് അതിന്റെ പ്രാരംഭ പ്രവർത്തനങ്ങളും തുടങ്ങികഴിഞ്ഞു.

ക്രിസ്തുമസ് കാലത്ത് വിലക്കയറ്റം നിയന്ത്രിക്കുവാൻ നടപടി

102 (813)ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ് കാലത്ത് വിലക്കയറ്റം നിയന്ത്രിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതുമൂലം വിലക്കയറ്റം എത്രത്തോളം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) ക്രിസ്തുമസ് പ്രമാണിച്ച് 19.12.1999 ൽ തുടങ്ങുന്ന ആഴ്ചയിൽ സ്പെഷ്യൽ ആയി 25 കിലോഗ്രാം അരിയും ഒരു കിലോഗ്രാം പഞ്ചസാരയും എല്ലാ കാർഡുടമകൾക്കും നൽകുവാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. കൂടാതെ സിവിൽസ്പ്ലൈസ് കോർപ്പറേഷൻ 15.12.99-മുതൽ സംസ്ഥാനത്ത് 5 മെട്രോ ഫെയറുകളും 28 മാർക്കറ്റുകളും തുടങ്ങുവാൻ നടപടി എടുത്തു കഴിഞ്ഞു. തെരെഞ്ഞെടുക്കപ്പെട്ട 2000-ൽപ്പരം റേഷൻ കടകൾവഴി പലവ്യഞ്ജനങ്ങൾ വിതരണം ചെയ്യുന്നു. കൂടാതെ ഉച്ച ഭക്ഷണത്തിന് അർഹതയുള്ള സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് 5 കിലോഗ്രാം വീതം അരി സൗജന്യമായി നൽകുന്നുണ്ട്. വിലക്കയറ്റം പൂഴ്ത്തിവയ്പ്, കരിച്ചന്ത എന്നിവ ഒഴിവാക്കാൻ ശക്തമായ പരിശോധനാവിഭാഗവും നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് ക്രിസ്തുമസ്സ് പ്രമാണിച്ച് വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ കാലാകാലങ്ങളിലായി നടത്തിവരുന്ന ഫെയറുകൾ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ, റേഷൻകടകൾ എന്നിവവഴി വിലക്കയറ്റം ഫലപ്രദമായി പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly